LIBRARY ARCHIVES Kerala Legislative Assembly

നിർഭയ പദ്ധതി

14 (*134) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് നിർഭയ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ചുവടെ ചേർക്കുന്ന നാല് മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

1. പ്രതിരോധം :

ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കിടയിലും ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗവിവേചനം, ഗാർഹിക പീഡനം, മദ്യപാനം, ഉപഭോഗാസക്തി, മുതലായവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

2. സംരക്ഷണം :

ശക്തമായ പ്രതിരോധ നടപടികളും പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ട് പീഡിതർക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നൽകി സ്വന്തം സമൂഹത്തിൽ മാന്യമായി കഴിയാൻ സഹായകരമായ സംരക്ഷണ സേവനങ്ങൾ നൽകിവരുന്നു.

3. നിയമ നടത്തിപ്പ് :

ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ചെയ്യുവരുന്നു.

4. പുനരധിവാസവും പുനരേകീകരണവും:

ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി സുഖപ്പെടുത്തി, അനുയോജ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നു.

(സി) നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ജില്ലകളിലും നിർഭയ ഷെൽറ്റർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നാം എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്നുവീതവും പ്രവർത്തിച്ചുവരുന്നു. പീഡനത്തിന് വിധേയമായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള പെൺകുട്ടികളെയാണ് നിർഭയ ഷെൽറ്റർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും കൂടാതെ പീഡിതരുടെ സുരക്ഷിതമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽറ്റർ ഹോം പ്രവർത്തിക്കുന്നത്. 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും വൺ സ്റ്റോപ് ക്രൈസിസ് സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് വൺ സ്റ്റോപ് ക്രൈസിസ് സെല്ലുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ മെഡിക്കൽ പരിശോധന, കൗൺസിലിംഗ്, നിയമ സഹായം, പോലീസ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. നിർഭയയ്ക്ക് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന 1800-425-1400 എന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ നിലവിലുണ്ട്. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഏകോപന സമിതിയും സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായ നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly